II.ഇ.ബി. XII-കേരള നിയമസഭ/XI-17

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 15, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

56(*481) കെ.പി.എച്ച്.സി.സി. നിർമ്മിക്കുന്ന കെട്ടിടങ്ങൾ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സർക്കാർ തലത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലും നടക്കുന്ന വിലയിരുത്തലുകൾ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ (കെ.പി.എച്ച്.സി.സി) പ്രവർത്തനം ചിട്ടപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കെ.പി.എച്ച്.സി.സി. നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് വകുപ്പിന്റെ ഒരു നിർമ്മാണ ഏജൻസി മാത്രമായ കെ.പി.എച്ച്.സി.സി. വകുപ്പ് ഏൽപ്പിക്കുന്ന ജോലികൾ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. അറ്റകുറ്റപ്പണികൾക്കായി പ്രത്യേക ഫണ്ട് ഒന്നുംതന്നെ പോലീസ് വകുപ്പ് നൽകിയിട്ടി

ല്ലെങ്കിലും 2008-09 വർഷം മുതൽ അറ്റകുറ്റപ്പണികൾക്കായി കെ.പി.എച്ച്.സി.സി.യുടെ പ്രൊപ്പോസൽ പ്രകാരം "സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ" ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തിവരികയുമാണ്. പോലീസ് ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി കഴിഞ്ഞ രണ്ടുവർഷമായി ബഡ്ജറ്റിൽ വകയിരുത്തിക്കൊണ്ടിരിക്കുന്ന ഒരുകോടി രൂപ അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിച്ച് എടുക്കാനും ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രത്യേക തുക ഓരോ വർഷവും ഉൾപ്പെടുത്താനുമുള്ള തുടർനടപടി സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. മൂന്ന് ക്ളാർക്കുമാരും ഒരു എം.ഡി.യും ഒരു ഫിനാൻസ് മാനേജരും ഒരു ചീഫ് എഞ്ചിനീയറും ഒരു അഡ്മിനിസ്ട്രേറ്റീവ് മാനേജരും അടങ്ങുന്നതാണ് ഈ കോർപ്പറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് സംവിധാനം. എഞ്ചിനീയറിംഗ് പ്രവർത്തനങ്ങൾ നടത്താൻ 300 എഞ്ചിനീയർമാരെ ഒരോ പ്രോജക്ടും പൂർത്തിയാക്കാൻ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സംവിധാനമാണുള്ളത്. പുതിയ ജയിലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നല്ലനിലയിൽ പൂർത്തീകരിക്കാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്. പി.ഡബ്ളിയു.ഡി. നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് കോർപ്പറേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നത് മോഡണൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തിയായതിനാൽ കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന മാനദണ്ഡപ്രകാരം നിർമ്മിച്ചിട്ടുള്ള പോലീസ് ക്വാർട്ടേഴ്സുകൾ മിക്കതും കേരളത്തിലെ സാഹചര്യങ്ങൾക്ക് യോജിക്കാത്തവയും വേണ്ടത്ര

സൗകര്യങ്ങൾ ഇല്ലാത്തവയുമായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കുറേ സൗകര്യങ്ങൾകൂടി വേണമെന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ടയിൽ പണി തീർന്നിട്ടുള്ള 24 ഫ്ളാറ്റുകൾ വിസ്തൃതി കൂട്ടി 12 ഫ്ളാറ്റുകളാക്കി മാറ്റണമെന്ന പ്രൊപ്പോസൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഇപ്പോഴുള്ള സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സ്വന്തമായി കെട്ടിടമില്ലാത്ത 74 പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിച്ചു നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമല്ലാത്ത പ്രദേശത്ത് സ്ഥലം പൊന്നുംവിലയ്ക്കെടുത്ത് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിച്ചുകൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിൽ 28 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ ഓഫീസിനുവേണ്ടി ആധുനിക സൗകര്യങ്ങളോടെ ഒരു പോലീസ് കോംപ്ളക്സ് നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഫയർമെൻമാർക്ക് ഫയർസ്റ്റേഷനോടനുബന്ധിച്ച് താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ക്വാർട്ടേഴ്സിന്റെ പണി സമയബന്ധിതമായി ആരംഭിക്കുന്നതാണ്. മാള പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥയെ സംബന്ധിച്ച് പ്രത്യേകം പരിശോധിക്കുന്നതാണ്. തമ്പാനൂർ പോലീസ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ട്രിഡയുടെ പതിമൂന്ന് സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറാമെന്ന് സമ്മതിച്ചിട്ടുണ്ട്. വില

നിശ്ചയിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി 22-ാം തീയതി ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മറ്റ് ഡിപ്പാർട്ടുമെന്റുകൾ ഏൽപ്പിക്കുന്ന ജോലികൾ കെ.പി.എച്ച്.സി.സി. ഏറ്റെടുത്ത് ചെയ്യുന്നതിന് സർക്കാർ തലത്തിൽ ആലോചിക്കുന്നതാണ്. നാല് സ്ഥലങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പോലീസ് വകുപ്പിന്റെ ആവശ്യങ്ങൾക്കായി എം.എൽ.എ. ഫണ്ട് വിനിയോഗിക്കാൻ കഴിയുമോയെന്നുള്ള കാര്യത്തെക്കുറിച്ച് പരിശോധന നടത്തുന്നതാണ്. ഗുരുവായൂരും കാട്ടൂരും പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും സഭയെ മന്ത്രി അറിയിച്ചു.

57(*482) <u>കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സ്ഥിരം കേന്ദ്രങ്ങൾ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സ്ഥിരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്നും നഗര-ഗ്രാമ പ്രദേശങ്ങളിൽ സ്ഥിരം വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് സമഗ്രമായ ഒരു വിപണന ശൃംഖല തുടങ്ങുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നതിന്റെ മുന്നോടിയായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും സഭയെ അറിയിച്ചു. ജില്ലാ മിഷനുകളുടെ മാസാന്ത്യ അവലോകന യോഗങ്ങളിൽ മാസചന്തകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ജില്ലാ മിഷനുകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ട് സംസ്ഥാന മിഷൻ ക്രോഡീകരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള മാസചന്തകളുടെ പ്രവർത്തനം വിലയിരു

ത്തുന്നുണ്ട്. ഇതു കൂടാതെ കുടുംബശ്രീ ഉപഭോക്തൃ വിശകലനഫോറം മുഖേന ഉപഭോക്താക്കളുടെ അഭിപ്രായവും രേഖപ്പെടുത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണപരമായ മാറ്റങ്ങൾ മാസചന്തയുടെ സംഘാടന ത്തിലും ഉൽപ്പന്നങ്ങളിലും വരുത്തിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ ഗുണനില വാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുടംബശ്രീ ഉൽപ്പന്നങ്ങൾ സിവിൽ സപ്ളൈസ് കോർപ്പറേഷൻ മുഖേന വിൽപ്പന നടത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. ഓരോ ജില്ലയിലേയും സാധ്യമായ സാഹചര്യം കണക്കിലെടുത്ത് മദർ യൂണിറ്റുകൾ പ്രാവർത്തികമാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. ഓണം പ്രമാണിച്ച് ആയിരത്തോളം ഓണച്ചന്തകൾ തുടങ്ങാനും ഇവയ്ക്ക് ആവശ്യമായ സഹായങ്ങൾ നൽകാനും ആലോചിക്കുകയാണ്. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിൽപ്പന താലൂക്ക് കേന്ദ്രങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനും ജനങ്ങളുടെയിടയിൽ ബോധവൽക്കരണം നടത്തി വിൽപ്പന ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചു വരുന്നു. കാർഷിക മേഖലയിൽ കുടുംബശ്രീ ഇടപെടുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം 27,268 ഹെക്ടർ ഭൂമിയിൽ പാട്ടക്കൃഷി നടത്തുകയുണ്ടായി. ഈ വർഷം അതിൽ കൂടുതൽ ഭൂമിയിൽ പാട്ടക്കൃഷി നടത്താനും തരിശായി കിടക്കുന്ന കൃഷി സ്ഥലങ്ങൾ കൃഷിയോഗ്യമാക്കാനും കുടുംബശ്രീ യൂണിറ്റുകൾ മുന്നോട്ടുവന്നിട്ടുണ്ട്. ബ്ളോക്ക് അടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്ന കുടുംബശ്രീ പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാകാത്തത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ ആവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ വഴി കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത് വ്യാപകമാക്കാൻ ശ്രമിക്കുന്നതാണ്. കുടുംബശ്രീയുടെ തെരഞ്ഞെടുത്ത ഐറ്റങ്ങൾ ബ്രാന്റ് ചെയ്ത് മാർക്കറ്റ് ചെയ്യാനുള്ള ശ്രമം ആരംഭിച്ചിട്ടുള്ളത് വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അനുയോജ്യമായ പദ്ധതികൾ കുടുംബശ്രീ മുഖേന ആരംഭിച്ചിട്ടുള്ളതെന്നും ഇത് ബ്ളോക്ക് തലത്തിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

58(*483) <u>ദേശീയ സമ്പാദ്യ പദ്ധതി</u>

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണത്തിനായി ഓരോ വർഷവും സംസ്ഥാന തലത്തിൽ പ്രത്യേക നിക്ഷേപലക്ഷ്യം നിശ്ചയിച്ച് ആയത് ജില്ലകൾക്ക് വീതിച്ചുനൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ടെന്നും 2009-2010 സാമ്പത്തിക വർഷത്തിൽ 2600 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാൻ തീരുമാനിക്കുകയും ആയത് 24-06-09-ലെ ഉത്തരവ് പ്രകാരം ജില്ലകൾക്ക് വീതിച്ചു നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അതാതു ജില്ലാ കളക്ടർമാർ തങ്ങളുടെ ലക്ഷ്യം ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണ ചുമതല നൽകിയിട്ടുള്ള ജില്ലാ ഓഫീസർമാർക്ക് വീതിച്ചു നൽകുകയും അവരുടെ സമാഹരണ പ്രവർത്തനം പ്രതിമാസം അവലോകനം ചെയ്ത് സർക്കാരിനെ അറിയിക്കുകയും ചെയ്യുന്നു. എല്ലാ ജില്ലയിലും ജില്ലാ കളക്ടറുടെ കീഴിൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ്

ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻമാരെ സമാഹരണ പ്രവർത്തനത്തിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ ഓരോ ജില്ലയിലും ആയിരത്തോളം വരുന്ന മഹിളാ പ്രധാൻ എസ്.എ.എസ്., പി.പി.എഫ്. ഏജന്റുമാർ നിക്ഷേപ സമാഹരണം നടത്തിവരുന്നു. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണത്തിൽ ഏജന്റുമാർ മുഖ്യപങ്ക് വഹിക്കുന്നു. നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് ജില്ലയിലെ ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും സന്നദ്ധ സംഘടനയിലെ അംഗങ്ങളും ഏജന്റുമാരും കൂട്ടായി കൂടുതൽ തുക നിക്ഷേപിക്കുവാൻ പ്രാപ്തിയുള്ള നിക്ഷേപകരെ കണ്ടെത്തി അവരുടെ പട്ടിക തയ്യാറാക്കുകയും അവരെ നേരിൽകണ്ട് പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി ബോധവാൻമാരാക്കുകയും അവരിൽനിന്നും പരമാവധി നിക്ഷേപം സ്വരൂപിക്കുകയും ചെയ്തുവരുന്നു. വിദേശത്ത് ജോലി ചെയ്യുന്നവരുടെ ബന്ധുക്കളെ നേരിൽ കണ്ട് അവരുടെ സഹകരണവും ഈ കാര്യത്തിൽ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കും പ്രത്യേക സമാഹരണ ലക്ഷ്യ തുക നിശ്ചയിച്ച് നൽകുകയും അവരുടെ പ്രവർത്തനം പ്രതിമാസം ബ്ളോക്കു തലത്തിൽ ബി.ഡി.ഒ. മാരും ജില്ലാ ദേശീയ സമ്പാദ്യ പദ്ധതി ഉദ്യോഗസ്ഥരും ജില്ലാ തലത്തിൽ ജില്ലാ കളക്ടറും അവലോകനം നടത്തിവരുന്നു. സംസ്ഥാനതലത്തിൽ ദേശീയ സമ്പാദ്യ പദ്ധതി ഉദ്യോഗസ്ഥൻമാരുടെ അവലോകനയോഗം ധനകാര്യവകുപ്പുമന്ത്രി തലത്തിലും വകുപ്പുസെക്രട്ടറി തലത്തിലും ഡയറക്ടറുടെ തലത്തിലും നടത്താറുണ്ട്. ജില്ലാ കളക്ടർമാരുടെ യോഗത്തിലും ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സമാഹരണ പുരോഗതി പ്രത്യേകം അവലോകനം ചെയ്യാറുണ്ട്. ഇതുകൂടാതെ കേന്ദ്ര, സംസ്ഥാന

സർക്കാർ ആഫീസുകളിലും സ്ക്കൂളുകളിലും തോട്ടം മേഖലയിലും വ്യവസായ സ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിൽനിന്നും മാസംതോറും ഒരു നിശ്ചിത തുക നേരിട്ട് പിടിച്ച് പോസ്റ്റാഫീസിൽ അടയ്ക്കുന്ന പേറോൾ സേവിംഗ്സ് സ്ക്കീമിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ജില്ലാ ദേശീയ സമ്പാദ്യ പദ്ധതി ഓഫീസർമാർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹകരണത്തോടെ സ്ക്കൂളുകളിൽ നടത്തുന്ന സഞ്ചയിക സമ്പാദ്യ പദ്ധതി പ്രവർത്തനവും ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾ ആകർഷകമാക്കാൻ പത്രമാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണവും നടത്തുന്നുണ്ട്. മൊത്ത നിക്ഷേപത്തേക്കാൾ കൂടുതൽ തുക പിൻവലിക്കപ്പെട്ടതുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നിക്ഷേപ സമാഹരണ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന സർക്കാർ ഇക്കാര്യം പല പ്രാവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. മഹിളാ പ്രധാൻ/എസ്.എ.എസ്. ഏജന്റുമാരുടെ 2008 ഡിസംബർ വരെയുള്ള തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. 2009 ജനുവരി മുതൽ ജൂൺ വരെയുള്ള ആറ് മാസത്തെ അലവൻസ് കുടിശ്ശിക ഓണത്തിനുമുമ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള മഹിളാ പ്രധാൻ ഏജന്റുമാർക്ക് ആനുകൂല്യങ്ങൾ നൽകി സംരക്ഷിക്കുമെന്നും പുതുതായി മഹിളാ പ്രധാൻ ഏജന്റുമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും മന്ത്രി അറിയിച്ചു. ദേശീയ സമ്പാദ്യ പദ്ധതിയുടെ പലിശ നിരക്ക് കുറയ്ക്കണമെന്നുള്ള ബാങ്കിംഗ് സെക്ടറിന്റെ ആവശ്യം പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും മഹിളാ പ്രധാൻ

ഏജന്റുമാർ ശേഖരിക്കുന്ന പണം പോസ്റ്റോഫീസിൽ അടയ്ക്കാതെ തിരിമറി നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3797 മുതൽ 4000 വരെയുള്ള ചോദ്യങ്ങളിൽ 171 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)